# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 14/ 05/ 2018

**SHAKTI CELL** **ശക്തി സെൽ**

## Strengthening Healing Actuating Kids To be Iconic (SHAKTI)

***-An Initiative at Schools for better education atmosphere-***

കൊല്ലം : വിദ്യാർഥികൾ അഭിമുഖീകരിക്കുന്ന സാഹചര്യങ്ങളോടും പ്രശ്നങ്ങളോടും ക്രീയാത്മകമായി പ്രതികരിക്കാനും കുടുംബങ്ങളിലും വിദ്യാഭ്യാസ ശാലകളിലും ഉണ്ടാകുന്ന പ്രശ്നങ്ങളെ നേരിടാനുള്ള മനക്കരുത്ത് ആർജ്ജിക്കാനും ഉന്നതമായ ചിന്തയും സൽസ്വഭാവവും അവരിൽ വളർത്തിക്കൊണ്ടു വരുവാനും വേണ്ടി കൊല്ലം സിറ്റി പോലീസ് സ്കൂൾ തലത്തിൽ ആരംഭിച്ച പദ്ധതിയാണ് ശക്തിസെൽ. ഈ കഴിഞ്ഞ അദ്ധ്യായന വർഷം ആരംഭിച്ച പദ്ധതി വിജയകരമായും 2-ാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ശക്തി സെല്ലിന്റെ 2-ാം അദ്ധ്യായന വർഷത്തിന്റെ പ്രവർത്തന ഉദ്ഘാടനം കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ.അരുൾ ആർ.ബി കൃഷ്ണ കൊല്ലം സായുധക്യാമ്പിൽ ഇന്ന് (14.06.18) രാവിലെ 10.00 മണിയ്ക്ക് നിർവ്വഹിച്ചു. കൊല്ലം സിറ്റി പരിധിയിലെ സ്കൂളുകളിൽ നിന്നും 105 കൗൺസിലർമാർ ഈ ചടങ്ങിൽ സന്നിഹിതരായി. കഴിഞ്ഞ അദ്ധ്യായനവർഷം 75 സ്കൂളുകളിൽ തുടങ്ങിയ ഈ പദ്ധതി ഈ അദ്ധ്യായനവർഷം സർക്കാർ അർദ്ധസർക്കാർ സ്കൂൾഗണത്തിൽപ്പെട്ട 25 സ്കൂളുകളിൽ കൂടി പദ്ധതി ആരംഭിക്കുന്നു. കുട്ടികളുടെ ക്രീയ്തമകമായ കഴിവുകൾ തിരിച്ചറിയേണ്ടത് അദ്ധ്യാപകരാണ്. കുട്ടികൾ ഏറെ സമയം ചിലവഴിക്കുന്നത് സ്കൂളുകളിലാണ്. കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കേണ്ട അദ്ധ്യാപക സമൂഹം അതിൽ എപ്പോഴെങ്കിലും വീഴ്ച്ചവരുത്തിയാൽ ഒരു തലമുറയെതന്നെ നമുക്ക് നഷ്ടമാകും. അത്തരം ചിന്തകളെ മനസ്സിൽ ഉറപ്പിച്ചുള്ള പുരോഗമനപരമായ പ്രവർത്തനങ്ങൾ അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും ഭാഗത്ത് നിന്നും ഉണ്ടാകണം എന്ന് കമ്മീഷണർ പറഞ്ഞു. ശക്തിസെൽ നോഡൽ ഓഫീസറും ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുമായ എ.അശോകൻ അദ്ധ്യക്ഷനായ ചടങ്ങിൽ ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടർ എച്ച്.ഷാനവാസ്, ചൈൽഡ് ലൈൻ നോഡൽ ഓഫീസർ എബ്രഹാം എന്നിവർ സംസാരിച്ചു.



